"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട റജികുമാർ.ഡി-യുടെ മകനായ ശ്രീ.ജിബിൻ.ആർ-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

സ.ഉ.(കൈ) നം.44/2022/LSGD തീയതി,തിരുവനന്തപുരം, 03-03-2022

പരാമർശം:-

1. 24.05.1999 ലെ സ.ഉ(അച്ചടി) 12/99/ഉഭപവ.
2. ശ്രീ.ജിബിൻ.ആർ സമർപ്പിച്ച 27.10.2020-ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 26.07.2021, 16.10.2021 തീയതികളിലെ ഇ2/8538/2021/സി.ഇ.എസ്/സിഇ/എൽ.ഐ.ഡി&ഇഡബ്ല്യു നം. കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 14.02.2022-ലെ DCKLM/12198/2021-S4 നം. കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയിരിക്കേ 15.07.2020 ൽ മരണപ്പെട്ട റജികുമാർ.ഡി-യുടെ മകനായ ശ്രീ.ജിബിൻ.ആർ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 18 വർഷവും 9 മാസവും 22 ദിവസവും ആണ്.

2.അപേക്ഷകന്റെ ജനനതീയതി 12.01.2000 ആകയാൽ ടിയാന് ഇപ്പോൾ 22 വയസ്സുണ്ട്. ടിയാൻ കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൻ സെക്കന്ററി, ഹയർ സെക്കന്ററി പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും കൊല്ലം ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3,4 പ്രകാരം ശ്രീ.ജിബിൻ.ആർ-ന്റെ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീ.ജിബിൻ.ആർ, പരേതനായ റജികുമാർ.ഡി-യുടെ മകനാണ്. ശ്രീ.ജിബിൻ.ആർ-ന്റെ മാതാവായ ശ്രീമതി.ബിന്ധ്യ.ആർ, സഹോദരനായ ശ്രീ.ബിജിൻ.ആർ എന്നിവർ ശ്രീ. ജിബിൻ.ആർ-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ജിബിൻ.ആർ, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പരേതന്റെ വിധവയെയും, സഹോദരനെയും മരണം വരെ സംരക്ഷിച്ചു കൊള്ളാമെന്ന്

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 60,000/-(അറുപതിനായിരം രൂപ മാത്രം) രൂപയാണ് എന്ന് കൊല്ലം ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസിയർ ഗ്രേഡ് I തസ്തികയിൽ സർവ്വീസിലിരിക്കെ മരണപ്പെട്ട റജികുമാർ.ഡി-യുടെ മകനായ ശ്രീ.ജിബിൻ.ആർ-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5.തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. കൊല്ലം ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകന് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1.ശ്രീ.ജിബിൻ.ആർ, പണ്ടകശാല പുത്തൻവീട്, കൊല്ലക.പി.ഒ, കരുനാഗപ്പള്ളി, കൊല്ലം - 690 536.(രജിസ്റ്റേഡ് തപാൽ മുഖേന).
2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.ജില്ലാ കളക്ടർ, കൊല്ലം.
4.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
5.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6.പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7.വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 03-03-2022 17:16:51
സെക്ഷൻ ഓഫീസർ